പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1824 05.02.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യിൽ എം പാനലുകാരെ പിരിച്ചുവിട്ട നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>" എൽദോ എബ്രഹാം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട് വർഷങ്ങളായി ജോലി ചെയ്തിരുന്ന എം പാനലുകാരെ കോടതി ഉത്തരവിനെത്തുടർന്ന്കൂട്ടത്തോടെ പിരിച്ചുവിട്ട നടപടി വിലയിരുത്തിയിട്ടുണ്ടോ; ആയതിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശദമാക്കുമോ; | (എ) | റിസർവ്വ് കണ്ടക്ടർ തസ്തികയിലെ പി.എസ്.സി മുഖേനയുള്ള നിയമനവുമായി ബന്ധപ്പെട്ട് WP(C) No.636/18 dtd. 15.10.18-ലെ കോടതി വിധിയിന്മേൽ ശ്രീ.ആന്റണി സ്റ്റെജോ.ജെ ഫയൽ ചെയ്ത WA No.2248/18 dtd. 06.12.18 പ്രകാരമുള്ള ഒരു ഇടക്കാല ഉത്തരവ് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ചിരുന്നു. ടി ഇടക്കാല ഉത്തരവിൽ 120 ഡ്യൂട്ടി വീതമുള്ള 10 വർഷ സർവ്വീസ് പൂർത്തിയാക്കിയ, GO(MS) No. 105/13/Tran dtd. 21.11.13 ലെ സ്ഥിരപ്പെടുത്തൽ മാനദണ്ഡങ്ങൾ പാലിച്ച് സ്ഥിരപ്പെടുത്തിയ, താൽക്കാലിക കണ്ടക്ടർമാർ ഒഴികെയുള്ള താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചുവിടാനും ടി ഒഴിവിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ച 4051 ഉദ്യോഗാർത്ഥികളെ റിസർവ്വ് കണ്ടക്ടർ തസ്തികയിൽ നിയോഗിക്കാനും നിർദ്ദേശിച്ചിരുന്നു. അപ്രകാരമാണ് നിലവിൽ ജോലിയിൽ തുടർന്നിരുന്ന താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചു വിടാനുണ്ടായ സാഹചര്യമുണ്ടായത്. |
| (ബി) | ഹൈക്കോടതി ഉത്തരവുപ്രകാരം 3861 എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടതിനെത്തുടർന്ന് ബസ് സർവ്വീസുകൾ റദ്ദുചെയ്യുന്നുമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ | (ബി) | പി.എസ്.സി ലിസ്റ്റിൽ നിന്നും അതിവേഗം നിയമനം നടത്തിയിട്ടുള്ളതും ഡ്രൈവർ കം കണ്ടക്ടർ സംവിധാനത്തിൽ കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകി ജോലിക്കായി നിയോഗിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | പി.എസ്.സി വഴി നിയമനം നൽകിയ ഉദ്യോഗാർത്ഥികൾക്ക് 02.02.19 തീയതിക്കകം ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സാവകാശം അനുവദനീയമാണ്. |
| (സി) | സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പി.എസ്.സി. നിയമനം കാലാകാലങ്ങളിൽ നടത്താത്തതാണ് ഈ പ്രതിസന്ധിയ്ക്ക് കാരണമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കരുതുന്നില്ല. റിസർവ്വ് കണ്ടക്ടർ തസ്തികയിലെ പി.എസ്.സി മുഖേനയുള്ള നിയമനം കാലാകാലങ്ങളിൽ നടത്തി വരുന്നുണ്ട്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ജോലിയിൽ തുടർന്നിരുന്ന താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചുവിട്ടത്. |
| (ഡി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നൽകുന്നതിലേയ്ക്കായി കോർപ്പറേഷൻ ജീവനക്കാരുടെ ഡ്യൂട്ടി സമയത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയുണ്ടായിട്ടുണ്ട്. തുടർച്ചയായി 8 മണിക്കൂറും അതിൽ അധികവും, തുടർച്ചയായി രാത്രി കാലങ്ങളിലും ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിലേയ്ക്കായി ഡ്യൂട്ടിയിൽ സമയ ക്രമീകരണം വരുത്തുകയും, സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുകയും, ജീവനക്കാർക്ക് ആവശ്യമായ വിശ്രമ സമയങ്ങൾ നിശ്ചയിച്ച് നൽകുകയും, ആവശ്യമായ സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കുകയും, ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിപ്പിക്കുകയും, വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുകയും, ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങി നൽകുകയും ചെയ്യുതിലൂടെ ജീവനക്കാർക്ക് മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിലേയ്ക്കായി ആയത് സംബന്ധിച്ച ചർച്ചായോഗങ്ങൾ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി നടത്തുകയും നടപടികൾ സ്വീകരിച്ചുവരികയുമാണ്. |

**സെക്ഷൻ ഓഫീസർ**